പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 452 04.07.2012-ൽ മറുപടിയ്ക്ക്

<u>സിമിയുടെ നിരോധനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം.എ. വാഹീദ്<br>ശ്രീ. പാലോട് രവി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സിമിയുടെ സാന്നിദ്ധ്യം ഉള്ളതായി കരുതുന്നുണ്ടോ; | (എ) 1967-ലെ അൺലോഫുൾ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം സിമി (സ്റ്റുഡന്റ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) എന്ന സംഘടനയെ ഒരു അൺലോഫുൾ അസ്സോസിയേഷനായി പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ സംസ്ഥാനത്ത് സിമി എന്ന പേരിൽ ഒരു സംഘടന പ്രവർത്തിക്കുന്നില്ല. എന്നാൽ സിമിയിൽ പ്രവർത്തിച്ചിരുന്ന ആളുകളിൽ ചിലർ അവരുടെ ആശയങ്ങൾക്കും പ്രവർത്തനോദ്ദേശത്തിനും മാറ്റം വരുത്താതെതന്നെ മറ്റു ചില സംഘടനകളിലൂടെ നിരോധിക്കപ്പെട്ട സംഘടനയുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് നാഷണൽ ഇന്റലിജൻസ് ഏജൻസി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) സംസ്ഥാനത്ത് സിമിയുടെ സാന്നിദ്ധ്യം ഉള്ളതായി നാഷണൽ ഇന്റലിജൻസ് ഏജൻസി റിപ്പോർട്ട് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സിമിയുടെ നിരോധനം തുടരണമെന്ന് സംസ്ഥാനം കേന്ദ്ര ട്രൈബ്യൂണലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) ആവശ്യപ്പെട്ടിട്ടുണ്ട്. 1967-ലെ അൺലോഫുൾ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ആക്റ്റ് പ്രകാരം സിമിയെ അൺലോഫുൾ അസോസിയേഷനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ വിജ്ഞാപനം അനുസരിച്ച് 5.02.2012 മുതൽ രണ്ട് വർഷത്തേക്കാണ് ഒരു നിയമവിരുദ്ധ സംഘടന എന്നനിലയിൽ സിമിക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരു സംഘടനയെ അൺലോഫുൾ അസ്സോസിയേഷനായി |

പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും, പുറപ്പെടുവിച്ച് ആറുമാസത്തിനുള്ളിൽ മേൽ ആക്ട് പ്രകാരം ഇതിനായി രൂപീകരിക്കുന്ന ഒരു ട്രിബ്യൂണൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണവും തെളിവെടുപ്പും നടത്തിയശേഷം, സ്ഥിരീകരിക്കേണ്ടതുണ്ട്. ഈ ട്രിബ്യൂണൽ, ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് വി.കെ. ഷാലി, കൂടുതൽ തെളിവെടുപ്പിനായി തിരുവനന്തപുരത്ത് സിറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത ട്രൈബ്യൂണൽ മുൻപാകെ സംസ്ഥാന സർക്കാരിനുവേണ്ടി ആഭ്യന്തര സുരക്ഷാവിഭാഗം, സിമിയുടെ നിരോധനം തുടരണമെന്നാവശ്യപ്പെട്ട് സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. 2010-ലെ നിരോധനത്തിനു ശേഷവും ഈ സംഘടന, മറ്റ് ചില സംഘടനകളിലൂടെ അതിന്റെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ രഹസ്യമായി തുടരുന്നു എന്ന് ബന്ധപ്പെട്ട കേസുകളുടെ അടിസ്ഥാനത്തിൽ വെളിവായതിനെത്തുടർന്നാണ് സംസ്ഥാന സർക്കാർ ട്രിബ്യൂണലിന് മുൻപാകെ സത്യവാങ്മൂലം സമർപ്പിച്ചത്.

(ഡി) സിമിയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് ?

(ഡി) സിമി എന്ന പേരിൽ ഒരു സംഘടന ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ല. അത് നിരോധിത സംഘടനയാണ്. എന്നാൽ സിമിയിൽ പ്രവർത്തിച്ചിരുന്ന ആൾക്കാർ അവരുടെ ആശയത്തിനും പ്രവർത്തന ഉദ്ദേശത്തിനും മാറ്റം വരുത്താതെതന്നെ മറ്റുചില സംഘടനകളിലൂടെ നിരോധിക്കപ്പെട്ട സംഘടനയുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ മുൻ സിമി പ്രവർത്തകരുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസിനു കീഴിലുള്ള ആഭ്യന്തര സുരക്ഷാവിഭാഗം സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ